പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2742

17.10.2016 ൽ
മറുപടിക്ക്

## ലബോറട്ടറികളുടെ ആധുനികവത്ക്കരണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. പി. ഉണ്ണി** | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ഫോറൻസിക് സയൻസ് ലബോറട്ടറിയുടെയും കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികളുടെയും ആധുനികവൽക്കരണത്തിന്റെ ആവശ്യകത ശ്രദ്ധയിലുണ്ടോ; എങ്കിൽ അതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) ഉണ്ട്. ആധുനിക ഉപകരണങ്ങൾ വഴിയും കമ്പ്യൂട്ടർവത്ക്കരണം വഴിയും NABL അക്രഡിറ്റേഷൻ വഴിയും കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പിന്റെ കീഴിലുള്ള മൂന്ന് ലബോറട്ടറികളിലും ആധുനിക വത്ക്കരണം നടപ്പാക്കി വരുന്നു. |
| (ബി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ; | (ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (സി) സംസ്ഥാനത്തെ ഫോറൻസിക് ലബോറട്ടറിയിൽ ഫിംഗർപ്രിന്റ് അനാലിസിസ് സൗകര്യം ലഭ്യമാണോ; വിശദാംശം ലഭ്യമാക്കാമോ? | (സി) ഇല്ല. ഫിംഗർപ്രിന്റ് അനാലിസിസ് സൗകര്യം തിരുവനന്തപുരം പട്ടത്തുള്ള ഫിംഗർപ്രിന്റ് ബ്യൂറോയിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ